# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/03/2024

1. പ്രകൃതിക്ഷോഭത്തിൽ വിളനാശം ഉണ്ടായ കർഷകർ ആനുകൂല്യത്തിന് കൃഷിഭവനുകളിൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യാൻ സാധിക്കുന്നില്ല എന്ന എസ്എംഎസ് സന്ദേശം ട്രഷറിയിൽ നിന്നും കഴിഞ്ഞ ദിവസങ്ങളിൽ ചില കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ എസ്എംഎസ് ലഭിച്ചിട്ടുള്ള കർഷകർ എസ് എം എസ് കിട്ടി അഞ്ച് ദിവസത്തിനുള്ളിലും, ഇനി ലഭിക്കുന്നവർ അതത് ദിവസങ്ങളിലും ബന്ധപ്പെട്ട കൃഷിഭവനുകളെ സമീപിച്ച് കൃത്യമായ ബാങ്ക് അക്കൗണ്ട്, ഐ എഫ് എസ് സി വിവരങ്ങൾ നൽകണം. അക്കൗണ്ട് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പാസ്ബുക്കിന്റെ പകർപ്പ് കൂടെ സമർപ്പിക്കണമെന്നും സമയക്ലിപ്തത പാലിക്കണമെന്നും കൃഷി ഡയറക്ടർ അറിയിച്ചു.

2. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി രൂപീകരിച്ച ധനസഹായ പദ്ധതിയാണ് കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി അഥവാ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്. ശീതീകരണ സംഭരണികൾ, സംഭരണകേന്ദ്രങ്ങൾ, സംസ്കരണ ഘടകങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് പദ്ധതി സഹായകമാണ്. പദ്ധതി കാലാവധി 2020-21 മുതൽ 2025-26 വരെ. ധനവിനിയോഗ പരിധി ഒരു ലക്ഷം കോടി രൂപ ദേശീയതലത്തിലും 2,520 കോടി രൂപ സംസ്ഥാനതലത്തിലും (കേരളം) അനുവദിച്ചിരിക്കുന്നു, 2 കോടി രൂപ വരെ 3% പലിശ ഇളവ്. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് സർക്കാർ ക്രെഡിറ്റ് ഗാരന്റി നൽകുന്നു. പദ്ധതി കാലാവധി 2 വർഷം. മൊറട്ടോറിയം ഉൾപ്പെടെ 7 വർഷം. ഇതുമായി സംയോജിപ്പിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങളും ലഭിക്കും. ഓരോ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉപഭോക്താവിനും 25 പ്രോജക്ടുകൾ വിവിധ ലൊക്കേഷനുകളിൽ സമർപ്പിക്കാം. ഒരു ലൊക്കേഷനിൽ പരമാവധി 2 കോടി രൂപ വരെ ധനസഹായം ലഭിക്കും. വായ്പ നൽകുന്ന സ്ഥാപനങ്ങൾ: വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, NBFCകൾ, NCDC, കേരള ബാങ്ക്. കേന്ദ്ര സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഓൺലൈൻ അപേക്ഷാ പോർട്ടൽ വഴി അതിവേഗത്തിൽ വായ്പ ലഭ്യമാക്കുന്നു. agriinfra.dac.gov.in എന്ന പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ - 6235277042, ഇടുക്കി, എറണാകുളം - 9048843776, തൃശൂർ, പാലക്കാട്, മലപ്പുറം - 8921785327, കോഴിക്കോട്, വയനാട് - 8547565214, കണ്ണൂർ, കാസർകോട് - 7907118539, സ്റ്റേറ്റ് ഹെൽപ്പ് ലൈൻ നമ്പർ 8921540233, 9020060507.

3. കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രം മാർച്ച് 22 ന് **ഉദയം 2024** വനിത സംരംഭകമേളയും കാർഷിക പ്രദർശന വിപണനവും സംഘടിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് വനിതാ സംരംഭകരുടെ ഉത്പന്ന വിപണനവും പ്രദർശനവും, ബയർ-സെല്ലർ മീറ്റ് , സംരംഭകരുടെ വിജയഗാഥകൾ പങ്കിടൽ IISR സാങ്കേതികവിദ്യ പ്രദർശനം എന്നിവയും ഉണ്ടായിരിക്കുന്നതാണ്. നടീൽ വസ്തുക്കളും, വിത്തുകളും വളങ്ങളും, ജൈവ ഉപാധികളും ഭക്ഷ്യോത്പന്നങ്ങൾ എന്നിവയുടെ വിപണനോത്പന്നങ്ങൾ നൂറോളം ചെറുകിട സംരംഭകരുടെ ഉത്പന്നങ്ങളും ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0495 2371410, 9995826799.

4. കോഴിക്കോട് ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ വച്ച് 50 ദിവസം പ്രായമായ മുട്ടക്കോഴികളെ 130 രൂപ നിരക്കിൽ ഇന്ന് (20.03.2024) രാവിലെ 8 മുതൽ 10 വരെ വിൽപ്പന നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9446164495.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**പരിശീലന പരിപാടി**

5. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 22 വരെ പരിശീലനങ്ങളും പ്രദർശനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സാങ്കേതികവാരാഘോഷം സംഘടിപ്പിക്കുന്നു. ഇന്ന് (20.03.2024) നടീൽ വസ്തുക്കളുടെ ഉത്പാദനം, 21ന് മാറിയ കാലാവസ്ഥയ്ക്ക് അനുസരിച്ച് ജൈവ രീതിയിലുള്ള കൃഷി, 22 ന് അലങ്കാരമത്സ്യകൃഷി . കൂടുതൽ വിവരങ്ങൾക്ക് 8547544765, 0496 2966041 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. റബ്ബർപുകപ്പുരകളെക്കുറിച്ചും അവയുടെ ന്യൂനതകൾ പരിഹരിക്കുന്നതിനെക്കുറിച്ചും അറിയാൻ റബ്ബർബോർഡിന്റെ 04812576622 എന്ന കോൾസെന്റർ നമ്പറിൽ വിളിക്കാവുന്നതാണ്. റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ കർഷകരുടെ ചോദ്യങ്ങൾക്ക് ഇന്ന് (20.03.2024) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഫോണിലൂടെ മറുപടി നൽകുന്നതാണ്.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഇടവേള കൂടിയ ടാപ്പിങ്‌രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട് എന്നിവയിൽ പരിശീലനം നൽകുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് 26-ന് നടത്തുന്ന പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്.